പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ. 1085

12-07-2016 ൽ മറുപടിക്ക്

## കാർഷിക മേഖലയിലെ യന്ത്രവൽക്കരണം

ചോദ്യം

ശ്രീ.പി.കെ.ബഷീർ

മറുപടി

ശ്രീ.വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | |
|---|---|---|
| എ) സംസ്ഥാനത്ത് കാർഷിക മേഖലയിലെ യന്ത്രവൽക്കരണ പ്രവർത്തനങ്ങളുടെ ചുമതലയുള്ള സർക്കാർ ഏജൻസികളുടെ വിവരം വെളിപ്പെടുത്താമോ; | (എ) | കൃഷി വകുപ്പിലെ കാർഷിക എഞ്ചിനീയറിംഗ് വിഭാഗം, കെയ്കോ, റെയ്ഡ്കോ, സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ എന്നിവയാണ്. |
| ബി) കാർഷിക മേഖലയിലെ യന്ത്രവൽക്കരണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ; | (ബി) | ഉണ്ട്. നെൽകൃഷിമേഖല പൂർണ്ണമായും യന്ത്രവൽക്കരിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. എന്നാൽ കൃഷിയിടങ്ങൾ ചെറിയ തുണ്ടുകളാക്കി മാറിയതും പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ കുറവുമൂലവും യന്ത്രങ്ങളുടെ ലഭ്യതക്കുറവുമൂലവും ആവശ്യാനുസരണം യന്ത്രങ്ങൾ എത്തിക്കുവാൻ സാധിക്കുന്നില്ല. അനുയോജ്യമായ യന്ത്രങ്ങളുടെ ലഭ്യതക്കുറവും ഒരു പ്രശ്നമാണ്. എന്നാൽ മറ്റ് മേഖലകളിൽ യന്ത്രവൽക്കരണം കൂടുതൽ വ്യാപിച്ചുവരുന്നു. |
| സി) സംസ്ഥാനത്ത് കാർഷിക മേഖലയിലെ യന്ത്രവൽക്കരണ പരിപാടികളുടെ വിപുലീകരണം സംബന്ധിച്ച നിലപാട് വ്യക്തമാക്കാമോ? | (സി) | കർഷകർക്കും കാർഷിക കൂട്ടായ്മകൾക്കും പാടശേഖര സമിതികൾക്കും യന്ത്രങ്ങൾ വാങ്ങുന്നതിന് ധനസഹായം നൽകുക, കാർഷിക കർമ്മസേനകൾക്ക് യന്ത്രോപകരണങ്ങൾ നല്കി കർഷകർക്ക് അവ ലഭ്യമാക്കുക, അനുയോജ്യമായ യന്ത്രങ്ങൾ കണ്ടെത്തി അവ പ്രചരിപ്പിക്കുക, ബ്ലോക്ക് തലത്തിൽ അഗ്രോ സർവ്വീസ് കേന്ദ്രങ്ങൾ വിപുലീകരിക്കുക എന്നിവ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ